**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4452 　　04.02.2014 -ലെ മറുപടിയ്ക്ക്

## ബി.എസ്.സി. നഴ്സിംഗ് പരീക്ഷ

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികളിൽ ബി.എസ്.സി. നഴ്സിംഗിന് പരീക്ഷ കഴിഞ്ഞിട്ടും, കഴിഞ്ഞ ആഗസ്റ്റ് മാസം ബി.എസ്.സി കോഴ്സ് പൂർത്തീകരിച്ച എം.ജി. യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ; | (എ)<br>(ബി)<br>&<br>(സി) | ബി.എസ്.സി. നഴ്സിംഗ് കോഴ്സ് റഗുലേഷൻ അനുസരിച്ച് ഒന്നും, രണ്ടും, മൂന്നും വർഷ പരീക്ഷ പാസ്സായവർ മാത്രമേ നാലാം വർഷ പരീക്ഷയ്ക്ക് അപേക്ഷിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, നാലാം വർഷ പരീക്ഷ നടക്കുന്നതിനുമുമ്പായി, മൂന്നും നാലും വർഷ സപ്ലിമെന്ററി പരീക്ഷകളുടെ ഫലങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. നാലാം വർഷ നഴ്സിംഗ് പരീക്ഷ നടത്തുവാൻ മൂന്നും നാലും വർഷ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം വരേണ്ടതുള്ളതിനാൽ ഈ പരീക്ഷകളുടെ ഫലങ്ങൾ ഉടനെ തന്നെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നും മൂന്നും നാലും വർഷ സപ്ലിമെന്ററി പരീക്ഷകളുടെ ഫലങ്ങൾ ഫെബ്രുവരി മാസം രണ്ടാം വാരം പ്രസിദ്ധീകരിക്കുന്നതും താമസം കൂടാതെ നാലാം വർഷ പരീക്ഷകൾ നടത്തുന്നതും ഏപ്രിൽ മാസത്തിൽ ഫലം പ്രസിദ്ധികരിക്കുന്നതുമാണെന്നും മഹാത്മാഗാന്ധി സർവ്വകലാശാല അധികൃതർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പരീക്ഷ നടക്കാത്തത് മൂലം വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | | |
| (സി) | പ്രസ്തുത പരീക്ഷ എന്നത്തേക്ക് നടത്താൻ സാധിക്കുമെന്നും ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ